⇨ ഞാൻ ചോദ്യങ്ങൾ  നിർമ്മിക്കാൻ ശ്രമിക്കുന്നു എന്നേ ഉള്ളൂ ⇨

# അധികാരം സോഷ്യലിസം: ദാർശനിക-പ്രായോഗിക പ്രശ്നങ്ങൾ

കലാപം ഇന്നും മനസ്സിൽ സൂക്ഷിക്കുന്നവർ സോഷ്യലിസം എന്ന വാക്കിനെ ഒരു പ്രതീകമെന്ന നിലയിലും,  രാഷ്ട്രീയവും ആത്മീയവുമായ പ്രതിരോധമെന്ന നിലയിലും തിരിച്ചുകൊണ്ടു വരാൻ ശ്രമിക്കുന്നുണ്ട്. പരമ്പരാഗത ഓർമ്മകളുടെ നിർബന്ധങ്ങളില്ലാതെ തന്നെ യൂത്തുഡയലോഗ് എന്ന കൂട്ടായ്മ സോഷ്യലിസം എന്ന വാക്ക് തിരഞ്ഞെടുത്തത് അദ്ഭുതമായി. യൂത്ത് ഡയലോഗിന്റെ ആഭിമുഖ്യത്തിൽ പയ്യന്നൂരിൽ നടന്ന 'സോഷ്യലിസം ഇന്ന്' എന്ന സംഗമത്തിന്റെ പശ്ചാത്തലത്തിൽ ഒരാലോചന.

**പ്രൊഫ. സുകു മാമ്മൻ ജോർജ്ജ്**

**(കഴിഞ്ഞ ലക്കം തുടർച്ച)**

**സാമ്പത്തിക** പ്രക്രിയയുടെ മേൽ ഇടപെടാൻ ശ്രമിക്കുന്നതാണ് സോഷ്യലിസ്റ്റ് ആക്റ്റിവിസം.  അതെങ്ങിനെയെന്നുള്ള  ചോദ്യമാണ് നമ്മുടെ മുമ്പിലുള്ള വെല്ലുവിളി. കരിസമ്പദ്ഘടനാ (ബ്ലാക്ക് സമ്പദ്ഘടന) ശൃംഖലകളും, മൾട്ടിനാഷണലുകളുടെ രഷ്ട്രീയവും, അഴിമതിയും ഒക്കെ ജനവിരുദ്ധ (പൊതുനന്മയ്ക്ക് വിരുദ്ധമായത്) ആക്റ്റിവിസമാണ്. അതായത് ജനാധിപത്യ-സാമ്പത്തിക ആക്റ്റിവിസത്തിനു വിരുദ്ധദിശയിലുള്ളത്. ജനവിരുദ്ധ ശൃംഖലകൾ ഉണ്ടാവുന്നതു പോലെ തന്നെ ജനാനുകൂല സാമ്പത്തികപ്രക്രിയാ ശൃംഖലകളും അധികാര ശൃംഖലകളും ഉണ്ടാവുന്ന ഒരു പ്രക്രിയയാവണം കാലഘട്ടത്തിലെ പുത്തൻ രാഷ്ട്രീയം. ജൈവകൃഷി ശൃംഖലകളോ, കാർഷിക ഉൽപാദന-വിപണന ശൃംഖലകളോ ഒക്കെ ഒരുപക്ഷെ ഇതിന്റെ ലളിതവൽകൃത ഉദാഹരണങ്ങളാണ്. ഇത്തരം ആശയങ്ങളുടെ റൊമാന്റിക് യാഥാർത്ഥ്യബോധമില്ലായ്മയെയും, ശക്തി (പവർ നെറ്റ്‌വർക്കിംഗ്) സങ്കൽപമില്ലായ്മയെയും മറികടക്കുന്നത് അത്ര ലളിതമൊന്നും ആവില്ല.  മുരിക്കന്റെ പാടശേഖരം ഏറ്റെടുത്ത് തൊഴിലാളികളുടെ സഹകരണ സംഘങ്ങളുണ്ടാക്കി പരാജയപ്പെട്ടത് മറക്കണ്ട. ഞാൻ ചോദ്യങ്ങൾ  നിർമ്മിക്കാൻ ശ്രമിക്കുന്നു എന്നേ ഉള്ളൂ. താത്പര്യശൃംഖലകളും സംഘാതങ്ങളും (ഓരോ താത്പര്യങ്ങൾക്കായുള്ള സോഷ്യൽ നെറ്റ്‌വർക്ക്സ്/ആക്റ്റിവിറ്റി നെറ്റ്‌വർക്ക്സ്) കൂട്ടായ്മകളും എന്നു ഞാൻ പറയുന്നത്, വർഗ്ഗം എന്ന് മുൻ സോഷ്യലിസ്റ്റുകൾ പറഞ്ഞിരുന്ന സ്ഥിതരൂപങ്ങളെ (static concept of society as structures) ചലനരാശികളായി അവതരിപ്പിക്കാനുള്ള ഒരു ശ്രമം മാത്രമാണ്. ഉദാഹരണമായി മണൽവാരലും പാറഖനനവും ഒരു ഭൗതികാവശ്യമായും സൗന്ദര്യശാസ്ത്ര നിർബന്ധമായും ആവശ്യപ്പെടുന്ന മലയാളി സമൂഹം, ആ അവസ്ഥയ്ക്ക് അവരെ ശക്തരാക്കുന്ന (enable) പണത്തിന്റെ വരവിന്റേയും ചുറ്റിത്തിരിയലിന്റേയും  ( recirculation & regeneration) ഡയനാമിക്സ്, ആ അവസ്ഥയെ മുന്നോട്ട് കൊണ്ടുപോകുന്ന ദല്ലാൾ കൂട്ടുകെട്ടുകൾ (ക്ലബ്ബുകൾ) എന്ന രീതിയിലാണ് ഇന്നു നിലനിൽക്കുന്നത്. അത്തരം കൂട്ടുകെട്ടുകൾക്ക് സാമൂഹ്യശക്തിയോ സാമൂഹ്യവേരുകളോ (self sustaining sociology) മിക്കപ്പോഴും ഉണ്ടാവുകയില്ല. സ്ത്രീ കൂട്ടായ്മകളുടെ ഊർജത്തിനും, മാലിന്യനിർമ്മാർജനത്തിനായുള്ള  ചെറുത്തുനിൽപുകൾക്കും ഒക്കെ ആ സമൂഹശക്തി ഉണ്ടാവുന്നുണ്ട്.  മുല്ലപ്പെരിയാർ തടത്തിലെ മനുഷ്യരുടെ വികാരങ്ങൾക്കോ, മോദി സർക്കാരിന്റെ ഭൂമിയേറ്റെടുക്കൽ നിയമം മൂലം

പൊതുവെ ജനങ്ങൾക്കുണ്ടാവുന്ന ഭീതിയ്ക്കോ ഒക്കെ രാഷ്ട്രീയശക്തി രൂപം സൃഷ്ടിക്കാൻ പറ്റുന്ന സാമൂഹ്യ ശൃംഖലകൾ ഉണ്ടാവണം. തിന്മകളെ ഇപ്പോഴത്തെ രീതിയിൽ നിലനിർത്തുന്ന ബന്ധശൃംഖലകളുടെ സൂക്ഷ്മരൂപങ്ങളെ കണ്ടെത്തി, ആ അവതാരമുഹൂർത്തങ്ങളെ രാഷ്ട്രീയ അസംസ്കൃത വസ്തുവാക്കാൻ കഴിയുമെങ്കിൽ വലിയ രാഷ്ട്രീയ ഊർജ്ജം സൃഷ്ടിക്കാൻ കഴിയും. ഈ മേഖലകളിൽ സംഘാടനം നടത്തുന്നവർ ഉപയോഗിക്കുന്ന ശൈലികൾ സ്ഥൂല പ്രതീകാത്മകതയുടേവുന്നതാണ് ശക്തി സൃഷ്ടിക്കാൻ പരാജയപ്പെടുന്നതിനു കാരണം. സ്ത്രീശക്തി പോലെയും, വിളപ്പിൽശാല പോലെയും, കലഞ്ഞൂർ സന്തോഷ്കുമാറും റഷീദ് ആനപ്പാറയും പോലെയുള്ള വ്യക്തികൾ മുഹൂർത്തങ്ങളെ നേരിടുന്നത് (എൻകൗണ്ടർ) പോലെയും ജനാധിപത്യ രാഷ്ട്രീയം വികസിക്കേണ്ടതുണ്ട്. ബസിൽ വെച്ച് ശൃംഗരിക്കാൻ വന്ന ആളിന്റെ മൂക്കിന് ഇടി കൊടുത്ത അദ്ധ്യാപികയും അവരെ പിന്തുണച്ച ബസ് യാത്രക്കാരും ഒരു സൈനർജി സൃഷ്ടിക്കുന്നു. അത്തരം സൈനർജിയുടെ തുടർച്ചയും ശൃംഖലയും തേടുന്നതിനാണ് നേതൃത്വം ആവശ്യമുള്ളത്. പാറയും മണലും ആവശ്യപ്പെടുന്ന മലയാളി സമൂഹം ഒരു ജനാധിപത്യവിരുദ്ധ സാമൂഹ്യ രാഷ്ട്രീയ സാമ്പത്തിക സൈനർജി സൃഷ്ടിക്കുന്നുണ്ട്. അതിന് ഒരു ഡയനാമിക്സ് ഉണ്ട്. അത് ഒരു ശക്തി സംഘാതം (പവർ സിസ്റ്റം) ആണ്. അതുകൊണ്ട് ജനാധിപത്യ സോഷ്യലിസ്റ്റ് ബദലും, ആ തരം ഭൗതീകതയും ഡയനാമിക്സും സാമൂഹ്യാടിസ്ഥാനങ്ങളുമുള്ള, ഒരു സാമൂഹ്യ പ്രതിഭാസം ആയെങ്കിലെ ബദൽ ശക്തി ( system of counter power ) ആവാൻ സാധിക്കൂ.

ജനാധിപത്യ സോഷ്യലിസ്റ്റ് ആക്റ്റിവിസം എന്നാൽ ഭൗതീകതയുടെ മേലും, ആ ഭൗതീകതയിലേക്ക് നയിക്കുന്ന കർമ്മശൃംഖലകളുടെ (network of human activities) മേലും, ശക്തി പ്രയോഗിക്കുന്ന സാമൂഹ്യകർമ്മമാണ്. അതു പുതിയ പ്രാതിഭാസികതയുടെ നിർമ്മാണം ആണ്. അതിന്റെ പ്രയോഗം തുടങ്ങുന്നത് പഴയ പ്രാതിഭാസികത ജീവിതമായി അവതരിക്കുന്ന മനുഷ്യാനുഭവ മുഹൂർത്തങ്ങളിലാണ്. അതായത് പാറ പൊട്ടിയ്ക്കുന്ന ഇടത്തിൽ മാത്രമല്ല, പാറ ആവശ്യപ്പെടുന്ന ഇടത്തിലും, ആ തോന്നലുണ്ടാവുന്ന ഇടത്തിലും കൂടിയാണ്.

ഇവിടെ മാവോയിസ്റ്റുകൾ പറയുന്ന കായിക ശക്തിയുടെ സ്ഥൂലഘടന, മാർജിനൽ ആയേ പ്രവർത്തനക്ഷമം ആവുകയുള്ളൂ. പാറയും മണലും ബഹിഷ്കരിക്കുന്ന (ഗാന്ധി ശൈലി) പ്രക്രിയ വിജയിക്കണമെങ്കിൽ ജനങ്ങളുടെ മുമ്പിൽ ബദൽ സാങ്കേതികവിദ്യയും, ബദൽ സൗന്ദര്യശാസ്ത്രവും, ബദൽ ജീവിതസംഘാടന സാദ്ധ്യതകളും ഉണ്ടാവേണ്ടത് ഉണ്ട്. ഗാന്ധി ചർക്കയെ ബദൽ ശക്തി രൂപത്തിന്റെ ചിഹ്നമാക്കിയാണ് ബഹിഷ്ക്കരണം എന്ന തന്ത്രം ഉപയോഗിച്ചത്. പാറയും മണലും കൊണ്ടുവരുന്ന ലോറികൾ തടഞ്ഞാലോ (ഇപ്പോഴത്തെ പാർട്ടികളുടെ ശൈലി) അവ തകർത്താലോ (മാവോയിസ്റ്റുകൾ പോലെയുള്ളവർ സ്വീകരിക്കാവുന്ന ശൈലി) പ്രശ്നങ്ങളുടെ ശക്തി അവസ്ഥയെ അഭിമുഖീകരിക്കുവാൻ (encounter) കഴിയുകയില്ല. മാർജിനലായി വ്യവസ്ഥിതിയെ കുറച്ച് നേരം സ്തംഭിപ്പിക്കുമായിരിക്കും എന്നു മാത്രം. ചൈനയിലെ ലളിതമായിരുന്ന ഫ്യൂഡൽ കാർഷികാവസ്ഥയിൽ മാവോയുടെ ജനകീയ കർഷക സൈന്യം ബദൽ ഗ്രാമങ്ങളുണ്ടാക്കിയത്, കേരളം പോലെയുള്ള ഒരു സങ്കീർണ്ണ ജീവിതവ്യവസ്ഥയിൽ അസാധ്യമാണ്. കേരളീയ രാഷ്ട്രകൂടവും, അതിനെ നൈയാമികമായും ഐഡിയോളജിക്കലായും നിലനിർത്തുന്ന മദ്ധ്യവർഗ്ഗ അടിസ്ഥാനവും അത്തരം ഒരു ഗറില്ലാ സൈന്യത്തിലൂടെ നേരിടാവുന്ന ഒന്നല്ല. ചർക്ക (ഒരു ചിഹ്നം) പോലെയുള്ള കേവല പ്രകൃതിവാദ ഗാന്ധിയൻ ശക്തി പ്രയോഗവും സാദ്ധ്യമല്ല.

അതുകൊണ്ടുതന്നെ യൂത്തു ഡയലോഗുകാരും കേരളീയം ഗ്രൂപ്പും പറയുന്നതും, മാവോയിസ്റ്റുകൾ പറയുന്നതും ഒരേ കാര്യമല്ല. സാരാംശത്തിലും ലക്ഷ്യത്തിലും വ്യത്യസ്തമാണ്. അതിനാൽ ശക്തി സൃഷ്ടിയിലെ കായികശക്തി ശൈലിയെ പ്രശ്നവൽക്കരിയ്ക്കേണ്ടതുണ്ട്. കായികശക്തിയുടെ സാമൂഹ്യപ്രയോഗത്തിന്റെ പരീക്ഷണം കേരളത്തിൽ നടത്തിയിട്ടുള്ളത് അറുപത്/ എഴുപതുകളിലെ നക്സലൈറ്റുകൾ അല്ല, പിന്നെയോ നാൽപത്/ അമ്പതുകളിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയും, എൺപതുകളിൽ ആർ.എസ്.എസുകാരുമാണ്. ഈ രണ്ടു കൂട്ടർക്കും തോക്കില്ലായിരുന്നു. പക്ഷെ നാടൻ ആയുധങ്ങൾ ഭാഗീകമായി ഉണ്ടായിരുന്നു. പക്ഷെ ഈ രണ്ടു കൂട്ടർക്കും കേന്ദ്ര വിഷയം ആ ആയുധങ്ങളായിരുന്നില്ല, പിന്നെയോ ശക്തിയുടെ സാമൂഹ്യവിന്യാസ ശൈലിയായിരുന്നു. ഇതിലൂടെ കമ്മ്യൂണിസ്റ്റുകാർ വികസിപ്പിച്ച സാമൂഹ്യ-രാഷ്ട്രീയ ഉൺമയും ആർ.എസ്.എസുകാർ വികസിപ്പിച്ച സാമൂഹ്യ ഉൺമയും വ്യത്യസ്തമായിരുന്നു. എങ്കിലും ശക്തി വിന്യാസം മൂലമുണ്ടായ ഫാസിസ്റ്റ് ഉൺമ രണ്ടു കൂട്ടർക്കും ഒന്നായിരുന്നു. പക്ഷെ ഈ രണ്ടു കൂട്ടർക്കും ശക്തിയുടെ സാമൂഹ്യ വിന്യാസം, രാഷ്ട്രീയ-സാമൂഹ്യ മുതൽ മുടക്കുകളിൽ ഒന്നു മാ

ത്രമായിരുന്നു താനും. 1979 ൽ ജനതാ പാർട്ടി കേന്ദ്രസർക്കാരിൽ ഉണ്ടായിരുന്ന പങ്കാളിത്തത്തെ അധികാരപരമായും സാമ്പത്തികപരമായും മുതലെടുത്താണ് കേരളം മുഴുവൻ അതിശീഘ്രം ആർ.എസ്.എസ് ശാഖകളുണ്ടാക്കിയത്. ഈ ശാഖകൾ സ്ഥാപിച്ചെടുക്കുവാനുള്ള അന്തരീക്ഷവും ഭൗതീകതയും അന്നു കേരളത്തിൽ ഉണ്ടായിരുന്നു. കേരളത്തിൽ മത-ജാതി കുശുമ്പുകളും മത്സരങ്ങളും നേരത്തേ ഉണ്ടായിരുന്നു. അറുപതുകൾ തൊട്ട് മതസഭകളും ജാതികളും രാഷ്ട്രീയത്തെ മുതൽ മുടക്കാക്കി വികസിക്കാൻ തുടങ്ങുന്ന അവസ്ഥയും ഉണ്ടായിരുന്നു.

ക്രൈസ്തവ മുസ്ലീം സംഘടനകൾ  ഈ വിഷയത്തിൽ വളരെ ഫലപ്രദമായി മുന്നേറ്റമുണ്ടാക്കി. സാമൂഹ്യമായി വികസിച്ചിരുന്ന നായർ സമുദായത്തിൽ പോലും മുതലാളിത്തകാലത്തെ ഇല്ലായ്മകളും, ഫ്യൂഡൽ കാലത്ത് ഉണ്ടായിരുന്നു എന്ന് തോന്നിയ കാര്യങ്ങളെകുറിച്ചുള്ള സങ്കൽപങ്ങളും കൂടിക്കുഴഞ്ഞ് കിടന്നിരുന്നു. അർദ്ധ മതസ്വഭാവം ഉള്ള ഒരു സാമൂഹ്യപ്രസ്ഥാനമായും, ഫ്യൂഡൽ ഗൃഹാതുരത്വ സ്വപ്നങ്ങളുടെ പ്രസ്ഥാനമായും, കമ്മ്യൂണിസ്റ്റ്കാരെക്കാൾ ശക്തമായി സബാൾട്ടേണുകളെ കായികമായി ശാക്തീകരിക്കുന്ന ഒന്നായും വളരാൻ അതിനാൽ ആർ.എസ്.എസ്സിന് ബുദ്ധിമുട്ടുണ്ടായില്ല. പക്ഷെ അതിനേക്കാളൊക്കെ കുട്ടികളെ ആകർഷിച്ചത് ശാഖകളുടെയും അതിന്റെ ശൃംഖലകളുടെയും കായികശക്തി- ഗാങ് സ്വഭാവമാണ്. തൊഴിലാളി, ലോവർ മിഡിൽക്ലാസ് കുട്ടികളാണ് അതിലേക്ക് പ്രവഹിച്ചത്. സവർണ്ണരും സവർണ്ണ ഗൃഹാതുരത്വം സ്വന്തമാണെന്ന് കാൽപനീകമായി സങ്കൽപിച്ചവരും ഹിന്ദു മത-സാംസ്കാരിക താത്പര്യങ്ങളുണ്ടായിരുന്നവരും കായികശക്തിക്ക് പുറകിലുള്ള സാംസ്കാരിക-ആശയ സംഹിതാ പ്രതലത്തിൽ പ്രവർത്തിച്ചു. അതായത് കായികശക്തി രൂപീകരണമാണ് സബാൾട്ടേൺ തലങ്ങളിൽ നിന്നും റിക്രൂട്ട്കളെ കിട്ടാൻ കാരണമായത്.

ഈ സാമൂഹ്യ സ്വഭാവും സംഘടനാ സ്വഭാവവും, ഒരിയ്ക്കലും കേരളത്തിലെ നിലനിൽക്കുന്ന രാഷ്ട്രീയ പാർട്ടികൾക്ക് ബദലായി, രാഷ്ട്രീയ പ്രതലത്തിലേക്ക് വളരാൻ കഴിവുള്ളതായിരുന്നില്ല. പക്ഷെ സമൂഹത്തിൽ ഒരു മൂലധനമാകാൻ കഴിവുള്ളതായിരുന്നു. കാരണം സൃഷ്ടമായ കായികശക്തി ശൃംഖലകളും അതിന്റെ ഫാസിസ്റ്റ് തന്റേടവും അതിനുമുമ്പ് (ജന്മി നാടുവാഴി കാലഘട്ടത്തിന് ശേഷം) കേരളം കണ്ടിട്ടുള്ളതായിരുന്നില്ല. ഈ ഗാങ്ങുകളിലൂടെ നേടിയടുത്ത ഡെമോട്ടിക് (ഫോക്) ശക്തി ക്രമേണ ജാതി-മത സാംസ്കാരിക പ്രതലങ്ങളിലേക്കും രാഷ്ട്രീയ പ്രതലത്തിലേക്കും പിടിച്ചുകയറാനുള്ള മൂലധനമായി. അത്തരം പുതിയ മൂലധനങ്ങളിലേക്ക് അവർ ക്രമേണ മാറുകയും ചെയ്തു. അതായത് മതത്തിന്റേയും, സാംസ്കാരത്തിന്റേയും, ചരിത്രബോധത്തിന്റേയും, ജാതികളുടെ രാഷ്ട്രീയ-സാമ്പത്തിക താത്പര്യങ്ങളുടെയും, അടിയന്തരാവസ്ഥയെ സ്നേഹിച്ച കേരളീയ മദ്ധ്യവർഗ്ഗത്തിന്റെ ലിബറൽ വിരുദ്ധതയുടെയും, ജാതി മത്സരങ്ങളുടെ ഭാഗമായുണ്ടായ ക്രൈസ്തവ -മുസ്ലീം വിരുദ്ധതതയുടെയും ഒക്കെ പ്രതലങ്ങളിലേക്ക് പടർന്നുകയറാനും, അതിനെയൊക്കെ മൂലധനമാക്കാനും അവർക്ക് കഴിഞ്ഞു. ഈ പ്രക്രിയയ്ക്കുള്ള ഒരു ശക്തമായ പിൻബലമായിരുന്നു കായികശക്തി ക്ലബ്ബുകളുടെ (ശാഖകളുടെ) ശൃംഖല. കേരളത്തിൽ സംഭവിച്ചിരിക്കുന്ന നവോത്ഥാന വിരുദ്ധ പ്രതിവിപ്ലത്തിന്റെ വേരുകൾ ആഴ്ന്നിരിക്കുന്നത് ആ കായികശക്തി ശൃംഖലയിലാണ്. ആ ക്ലബ്ബുകൾ ഗാങ്ങ് യുദ്ധങ്ങൾ ചെയ്തിട്ടുണ്ട്. പക്ഷെ അതു വ്യവസ്ഥിതിക്ക് എതിരെയോ അനുകൂലമായോ ഉള്ള യുദ്ധമായി, ആക്രമണങ്ങളായി അവർ അവതരിപ്പിച്ചില്ല എന്നതാണ് കേരളത്തിലെ രാഷ്ടകൂടവുമായി ഒരു ഏറ്റുമുട്ടൽ ഉണ്ടാകാതിരിക്കാൻ കാരണം. ഇത്രപോലും വികസിതമായ ഒരു ശക്തി സങ്കൽപം പഴയ നക്സലേറ്റുകളോ ഇപ്പോഴത്തെ മാവോയിസ്റ്റുകൾ എന്നു സ്വയം പറയുന്നവരോ വികസിപ്പിച്ചിട്ടില്ല. ജനങ്ങൾക്ക് ഒരു സൈന്യം വേണമെന്ന് മാവോയിസ്റ്റുകൾ പറയുന്നു. പക്ഷെ ആർ.എസ്.എസുകാരോ പഴയ കമ്യൂണിസ്റ്റുകാരോ വനത്തിൽ ഒളിച്ചിരുന്ന ഗറില്ലാ ആക്രണണങ്ങൾ നടത്തുകയില്ലായിരുന്നു. പിന്നയോ ശക്തിയുടെ സാമൂഹ്യവിന്യാസ ശൈലികൾ വികസിപ്പിക്കുകയായിരുന്നു.

സോഷ്യലിസത്തെക്കുറിച്ച് ഉള്ള അന്വേഷണം, ഏതു പ്രക്രിയയുടെയും പ്രതിഭാസത്തിന്റേയും സ്വയം നിലനിർത്തുന്ന (സെൽഫ് സസ്റ്റെയ്നിങ്ങ്) സാമ്പത്തിക ഡയനാമിക്സിനെ കുറിച്ചുള്ള അന്വേഷണം കൂടി ആവേണ്ടതുണ്ട്. മുതലാളിത്ത മൂലധനത്തിൽ നിന്നും മാർക്കറ്റിൽ നിന്നും വ്യത്യസ്തമായ ഒരു സാമ്പത്തിക ഡയനാമിക്സ് വികസിപ്പിക്കാൻ കഴിയാത്തതായിരുന്നു ഇരുപതാം നൂറ്റാണ്ടിലെ സോഷ്യലിസ്റ്റ് പരീക്ഷണങ്ങൾ പരാജയപ്പെടാൻ കാരണം. മാർക്സ് പത്തൊൻപതാം നൂറ്റാണ്ടിലെ മുതലാളിത്തത്തെ പഠിച്ചെങ്കിൽ, നാം ഇരുപത്തിയൊന്നാം നൂറ്റാണ്ടാലെ മുതലാളിത്തത്തിന്റേ മൂർത്തരൂപങ്ങളെക്കുറിച്ച് പഠിയ്ക്കേണ്ടതുണ്ട്. രാഷ്ട്രീയ അധികാര സ്ഥാപനത്തെക്കാൾ പ്രധാനം ശക്തി, ഡയനാമിക്സ് എന്നിവയുടെ രൂപങ്ങളുടെ വികാസമാണ്. ■